# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2312 — 18.06.2014 ൽ മറുപടിക്ക്

### കുറഞ്ഞ വരുമാനക്കാർക്ക് രോഗചികിത്സയ്ക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>" റ്റി.യു. കുരുവിള<br>" സി.എഫ്. തോമസ്<br>" മോൻസ് ജോസഫ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കുറഞ്ഞ വരുമാനക്കാർക്ക് രോഗചികിത്സക്കായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) | വാർഷിക വരുമാനം കുറഞ്ഞ രോഗികൾക്കായി ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമ നിധിയും, 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന പദ്ധതിയും നിലവിലുണ്ട്. ബഹു.മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്ന് രണ്ടായിരം രൂപ വരെയും, എസ്.എം.എ.പി പദ്ധതി പ്രകാരം പരമാവധി 20,000/- രൂപ വരെയും ധനസഹായം അനുവദിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം എസ്.എം.എ.പി പദ്ധതിയ്ക്കായി 150 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃക്ക രോഗികൾക്കായി ഈ വകുപ്പിന് കീഴിലുള്ള 27 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്.<br>തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (CHIS) കൾ നടപ്പിലാക്കുന്നുണ്ട്. മേൽ പദ്ധതി പ്രകാരം കിടത്തി ചികിത്സ ആവശ്യമായ രോഗങ്ങൾക്ക് 30,000/- രൂപ വരെയുള്ള സൗജന്യ ചികിത്സ ഒരു കുടുംബത്തിലെ പരമാവധി 5 അംഗങ്ങൾക്കുമായി ഒരു വർഷം ലഭിക്കുന്നതാണ്. മാത്രമല്ല കാൻസർ, ഹൃദയസംബന്ധമായ അസുഖങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അംഗങ്ങളായ കുടുംബങ്ങളിൽ ഉള്ളവർക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലും, ആർ.സി.സി, എം.സി.സി, ശ്രീ.ചിത്ര ആശുപത്രി തുടങ്ങിയ ആശുപത്രികളിലും 70,000/- രൂപയുടെ അധിക ചികിത്സാ ആനുകൂല്യം ചിസ് പ്ലസ് പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്. അർബുദരോഗ ബാധിതർക്കായി നടപ്പിലാക്കിയ ജില്ലാ കാൻസർ കെയർ പ്രോഗ്രാമിലൂടെ ജില്ലകൾ തോറും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിനും, സാധാരണക്കാർക്ക് സൗജന്യമായി കിമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സകൾ നൽകുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അർബുദരോഗികൾക്ക് പ്രതിമാസം 800/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2012-13 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാൻസർ മരുന്നുകളുടെ ചെലവ് റീ-ഇംപേഴ്സ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ നടപ്പിലാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ